


പഠനം

ഡോ.വിമൽ കുമാർ വി.

# വിക്കിപീഡിയ സ്വതന്ത്ര വിജ്ഞാനകോശവും പൊതു ഗ്രന്ഥശാലകളും

പ്രാഥമിക വിവര- വിജ്ഞാന സ്രോതസുകളിൽ നിന്നും സംഗ്രഹിച്ച് എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് വിജ്ഞാനകോശങ്ങൾ. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വസ്തുതാപരമായ ലേഖനങ്ങൾ പൊതുവിജ്ഞാന കോശങ്ങളിൽ അക്ഷരമാലാ ക്രമത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രം കേന്ദ്രീകൃതമായ വിജ്ഞാനകോശങ്ങളും ഉണ്ട്. വിജ്ഞാനകോശങ്ങൾ ഒരു പ്രധാന റഫറൻസ് സ്രോതസായി ലോക വ്യാപകമായി പൊതുജനങ്ങളും അക്കാദമിക സമൂഹവും ഉപയോഗിക്കുന്നു. വിവിധ വിഷയങ്ങളെക്കുറിച്ച് പ്രാഥമിക അറിവ് ലഭിക്കുന്നതിന് ഉതകുന്ന ലേഖന സമാഹാരങ്ങളാണ് വിജ്ഞാനകോശങ്ങൾ ഉൾക്കൊള്ളുന്നത്.

വിക്കിമീഡിയ ഫൗണ്ടേഷൻ 2001 ൽ 'വിക്കിപീഡിയ ഓൺലൈൻ വിജ്ഞാനകോശം' അവതരിപ്പിച്ചു. 'വിക്കിപീഡിയ വിജ്ഞാനകോശ'ത്തിന്റെ ഉള്ളടക്കം സ്വതന്ത്രവും സൗജന്യവുമാണ്. ക്രിയേറ്റീവ് കോമൺസ് എന്ന അനുമതിപത്രമാണ് വിക്കിപീഡിയ ഉള്ളടക്കം സ്വതന്ത്രമാക്കാൻ ഉപയോഗിച്ചിരിക്കുന്നത്. മുന്നൂറ്റി പത്തോളം ഭാഷകളിൽ വിക്കിപീഡിയ ഇന്ന് ലഭ്യമാണ്. വിജ്ഞാനകോശങ്ങളിൽ ലേഖനങ്ങൾ എഴുതുന്നതും അവലോകനം ചെയ്യുന്നതുമടക്കമുള്ള പരമ്പരാഗത മാനദണ്ഡങ്ങൾ വിക്കിപീഡിയയുടെ വരവോടെ മാറ്റിയെഴുതപ്പെട്ടു. വിജ്ഞാനകോശത്തിന്റെ ഉള്ളടക്കം സംബന്ധിച്ച പ്രവർത്തനങ്ങളെല്ലാം കേന്ദ്രീകൃതമായിരിക്കും. പ്രസിദ്ധീകരണ ശാലയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ പ്രാഗൽഭ്യം തെളിയിച്ച പണ്ഡിതരും വിദഗ്ധരും ആയിരിക്കും വിജ്ഞാനകോശങ്ങളിലേക്കുള്ള ലേഖനങ്ങൾ എഴുതുന്നതും എഡിറ്റിങ് നടത്തുന്നതും. ലേഖനങ്ങൾ സംഭാവന ചെയ്യുന്നതിനും, എഡിറ്റോറിയൽ പ്രവർത്തനങ്ങൾ നടത്തുന്നതിനും വികേന്ദ്രീകരണ മാതൃകയാണ് വിക്കിപീഡിയ സ്വീകരിച്ചിരിക്കുന്നത്. ലേഖനങ്ങൾ എഴുതുന്നതും തിരുത്തലുകൾ വരുത്തുന്നതും പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെയാണ്. പരമ്പരാഗത വിജ്ഞാനകോശങ്ങളുടെ പ്രവർത്തന രീതികളും വിക്കിപീഡിയ പോലുള്ള ഓൺലൈൻ ബദലുകളുടെ വരവോടെ മാറിയിട്ടുണ്ട്. ഇരുനൂറു വർഷം പാരമ്പര്യമുള്ള 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക' 2010 മുതൽ അച്ചടി പതിപ്പ് നിർത്തി ഓൺലൈൻ പതിപ്പ് മാത്രമാക്കി.

## വിക്കിപീഡിയ ഇന്ത്യൻ ഭാഷകളിൽ

വിക്കിമീഡിയ സമാഹരിച്ച 2019 ലെ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് രാജ്യം തിരിച്ചുള്ള പട്ടികയിൽ വായനക്കാരുടെ എണ്ണത്തിൽ ഇന്ത്യ സ്ഥിരമായി അഞ്ചാം സ്ഥാനം നിലനിർത്തുന്നു. ഭാരതത്തിൽ ആയിരത്തിലധികം ഭാഷകളുണ്ടെന്ന് 2011 ലെ ജനസംഖ്യ കണക്കെടുപ്പ് സ്ഥിരീകരിച്ചിട്ടുണ്ട്. പതിനായിരമോ അതിലധികമോ ആൾക്കാർ മാതൃഭാഷയായി ഉപയോഗിക്കുന്ന ഭാഷകളെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ 121 ഭാഷകളെ മാതൃഭാഷയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ 96.71% ആളുകൾ മാതൃഭാഷാ പട്ടികയിൽപ്പെടുത്തിയ ഭാഷകളിലൊന്ന് ഉപയോഗിക്കുന്നു. ഹിന്ദി, ബംഗാളി, മറാത്തി, തെലുങ്ക്, തമിഴ് എന്നിവയാണ് സംസാരിക്കുന്നവരുടെ എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്ന അഞ്ച് ഭാഷകൾ. കന്നഡ, മലയാളം, തമിഴ്, തെലുങ്ക് എന്നീ ഭാഷകൾ ദ്രാവിഡ കുടുംബത്തിൽ പെടുന്നു. ഇന്ത്യയിലെ 17 ഭാഷകൾ ദ്രാവിഡ കുടുംബത്തിൽ പെടുന്നവയാണ്. ഇന്ത്യയിലെ ജനസംഖ്യയിൽ 20.82% ആൾക്കാർ ദ്രാവിഡ ഭാഷകൾ മാതൃഭാഷയായി ഉപയോഗിക്കുന്നു.

വിക്കിപീഡിയ ദക്ഷിണേന്ത്യൻ ഭാഷ പതിപ്പുകളിലെ ലേഖനങ്ങളുടെ എണ്ണം

**വിക്കിപീഡിയ ദക്ഷിണേന്ത്യൻ ഭാഷ പതിപ്പുകളിലെ ലേഖനങ്ങളുടെ എണ്ണം.**


| വിക്കിപീഡിയ പതിപ്പ് | ലേഖനങ്ങളുടെ എണ്ണം | തുടങ്ങിയ വർഷം |
|---|---|---|
| തമിഴ് | 1,28,539 | 2003 |
| മലയാളം | 68,453 | 2002 |
| തെലുങ്ക് | 70,255 | 2003 |
| കന്നട | 25,955 | 2003 |

*ഉറവിടം: വിക്കിപീഡിയയിൽ നിന്ന് മാർച്ച് 2020ന് സമാഹരിച്ചത്.*


ഇന്ത്യൻ ഭാഷകളെ കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നതിനുള്ള ശരിയായ മാനദണ്ഡങ്ങളുടെ അഭാവമായിരുന്നു പ്രാദേശിക ഭാഷ ഉള്ളടക്കം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതിനുള്ള പ്രധാന തടസം. പ്രാദേശിക ഭാഷകൾ അനായാസമായി കമ്പ്യൂട്ടറിലേക്ക് ടൈപ്പ് ചെയ്തു നൽകാനുള്ള ഉപാധികളുടെ അഭാവം ഇന്ത്യയിലെ വിക്കിപീഡിയ വിജ്ഞാനകോശ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കിയിരുന്നു. കമ്പ്യൂട്ടറിൽ അക്ഷരങ്ങൾ കൈകാര്യം ചെയ്യാനുള്ള 'ASCII' (American Standard Code for Information Interchange) മാനദണ്ഡം ഇംഗ്ലീഷ് ഭാഷയ്ക്കു മാത്രം പ്രയോജനപ്പെടുന്നതായിരുന്നു. യൂണികോഡ് (Unicode) മാനണ്ഡം വികസിപ്പിച്ചെടുത്തതോടുകൂടി എല്ലാ ഇന്ത്യൻ പ്രാദേശിക ഭാഷകളിലുമുള്ള ഉള്ളടക്കം നിവേശിപ്പിക്കുന്നതിന് കമ്പ്യൂട്ടറിന്റെ സഹായത്തോടെ സാധിച്ചു. തൽഫലമായി ഇന്റർനെറ്റിൽ ഇന്ത്യൻ ഭാഷകളിലുള്ള ഉള്ളടക്കത്തിന്റെ അളവ് കൂടിത്തുടങ്ങി. വിജ്ഞാനകോശങ്ങൾ, പത്രങ്ങൾ, മാസികകൾക്കു വേണ്ടിയുള്ള വെബ്സൈറ്റുകളുടെ ഉള്ളടക്കം പ്രാദേശിക ഭാഷകളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. യൂണികോഡ് പതിപ്പ് 3.0.0 അനുസരിച്ച്, ഇന്ത്യൻ ഭാഷകൾക്ക് ഒൻപതാം അധ്യായത്തിൽ (തെക്ക്, തെക്കുകിഴക്കൻ ഏഷ്യൻ ലിപികൾ) സ്ഥാനം അനുവദിച്ചിട്ടുണ്ട്. അതിൽ ഒൻപത് ഇന്ത്യൻ ഭാഷകളും ഉൾപ്പെടുന്നു. എട്ടാം അധ്യായത്തിൽ (മധ്യപൂർവദേശ ലിപികൾ) ഉർദു ഭാഷ സ്ഥാനം പിടിച്ചു. സ്വതന്ത്ര സോഫ്റ്റ്വെയർ ഗ്രൂപ്പുകളായ ഇൻഡിക് പ്രോജക്റ്റ്, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്നിവരുടെ ശ്രമങ്ങൾ പ്രാദേശിക ഭാഷകൾക്കു വേണ്ടിയുള്ള ഫോണ്ടുകളുടെയും മറ്റ് ഉപാധികളുടെയും വികസനത്തിന് സഹായിച്ചു. ഇത്തരം സംരംഭങ്ങൾ ഇന്ത്യൻ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസത്തിനും പൊതുഭരണത്തിനുമുള്ള ഭാഷാ കമ്പ്യൂട്ടിങ് ഉപയോഗത്തെ പ്രോൽസാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തു. ഇന്ത്യൻ ഭാഷകൾക്കായി യൂണികോഡ് മാനദണ്ഡം അവതരിപ്പിച്ചതിനു ശേഷമാണ് വിക്കിപീഡിയ ഇന്ത്യൻ ഭാഷാ പതിപ്പുകൾ സജീവമായത്. വിക്കിപീഡിയ വിജ്ഞാനകോശത്തിന് 22 ഇന്ത്യൻ ഭാഷാ പതിപ്പുകൾ ലഭ്യമാണ്.

## എങ്ങനെ പ്രവർത്തിക്കുന്നു?

വിക്കിപീഡിയ സമൂഹമാണ് ഈ സ്വതന്ത്ര വിജ്ഞാനകോശത്തിന്റെ ശക്തി. വിക്കിപീഡിയ വായനക്കാരും ലേഖനങ്ങളുടെ ഉള്ളടക്ക നിർമാണത്തിൽ പങ്കാളികളാകുന്നവരും എന്നിങ്ങനെ രണ്ടു കൂട്ടരാണ് വിക്കിപീഡിയ സമൂഹത്തിലുള്ളത്. വിക്കിപീഡിയ ഉള്ളടക്കം കൈകാര്യം ചെയ്യുന്നവർ 'വിക്കിപീഡിയൻസ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. പുതിയ ലേഖനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ള ലേഖനങ്ങളിൽ പുതിയ ഉള്ളടക്കം എഴുതിച്ചേർക്കുക, ഉള്ളടക്കത്തിൽ മാറ്റങ്ങൾ വരുത്തുക തുടങ്ങിയവയാണ് വിക്കിപീഡിയൻസിന്റെ പ്രധാന കർത്തവ്യങ്ങൾ. ലേഖനങ്ങളിലെ അക്ഷരപ്പിശകുകൾ കണ്ടെത്തുക, വിവാദപരമായ ഉള്ളടക്കം കണ്ടെത്തി നീക്കം ചെയ്യുക, തർക്കം ഉള്ള ഭാഗങ്ങൾ കണ്ടെത്തുക തുടങ്ങിയ ചുമതലകൾ കൂടി വിക്കിപീഡിയന്മാർ നിർവഹിക്കുന്നുണ്ട്.




വിക്കിപീഡിയ പേജിന്റെ ഭാഗങ്ങൾ



വിക്കിപീഡിയ ലേഖനത്തിന്റെ എഡിറ്റിംഗ്

നിലവിലുള്ള ലേഖനങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടോ പുതിയ ഒരു ലേഖനം തുടങ്ങിക്കൊണ്ടോ ആണ് ലേഖനങ്ങളുടെ ഉള്ളടക്കം കൈകാര്യം ചെയ്തു തുടങ്ങുന്നത്. ലേഖനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് വിക്കിപീഡിയ അക്കൗണ്ട് വേണമെന്ന് നിർബന്ധമില്ല; പക്ഷെ അക്കൗണ്ട് തുടങ്ങുന്നതു കൊണ്ട് പ്രയോജനങ്ങളുണ്ട്. ഓരോ ഭാഷാ പതിപ്പിനും വ്യത്യസ്തമായ വെബ്സൈറ്റുകൾ ഉണ്ട്. ഇംഗ്ലീഷ് (https://en.wikipedia.org), മലയാളം (https://ml.wikipedia.org) വിക്കിപീഡിയ പതിപ്പുകൾ പ്രത്യേകമായുണ്ട്. വിക്കിപീഡിയ അക്കൗണ്ട് ഒരിക്കൽ എടുത്തുകഴിഞ്ഞാൽ, അതുപയോഗിച്ച് ഏതു ഭാഷയിലെയും വിക്കിപീഡിയ വെബ്സൈറ്റിലേക്ക് പ്രവേശിക്കാം.

## വിക്കിപീഡിയ പേജിന്റെ ഭാഗങ്ങൾ

വിക്കിപീഡിയ പേജിന്റെ വിവിധ ഭാഗങ്ങൾ നമുക്ക് പരിചയപ്പെടാം.

1. ലേഖനം: ലേഖനത്തിന്റെ വായനയ്ക്കുള്ള രൂപം.
2. സംവാദം: ലേഖനത്തിന്റെ ഉള്ളടക്കം, ഘടന തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനുള്ള ഇടം.
3. മൂലരൂപം തിരുത്തുക: ലേഖനത്തിന്റെ ഉള്ളടക്കം ഇവിടെ നിന്ന് തിരുത്താൻ സാധിക്കും.
4. നാൾവഴി കാണുക: ലേഖനത്തിന്റെ ഉള്ളടക്കത്തിൽ വരുത്തിയ തിരുത്തലുകളും ആര് നടത്തി എന്നും ഇവിടെ കാണാം.
5. വിക്കിപീഡിയ ലോഗിൻ ചെയ്ത ആളുടെ പേര്.
6. ലേഖകനുള്ള സന്ദേശങ്ങൾ ഇവിടെ നിന്ന് കാണാം.

## വിക്കിപീഡിയ ലേഖനത്തിന്റെ എഡിറ്റിങ്

1. ലേഖനത്തിന്റെ ഉള്ളടക്കം 'വിക്കിടെസ്റ്റ്' (Wikitext) എന്ന സങ്കേതം ഉപയോഗിച്ചാണ് ലേഔട്ട് ചെയ്യുന്നത്.
2. ലേഖനത്തിന്റെ ഉള്ളടക്കം നിർമിക്കാനും തിരുത്താനും സഹായിക്കുന്ന നിരവധി ഉപാധികൾ ടൂൾ ബാറിൽ കാണാം.
3. വിക്കിടെക്സ്റ്റ് ഒഴിവാക്കി നേരിട്ട് ഉള്ളടക്കത്തിൽ തിരുത്തൽ വരുത്താനുള്ള രീതിയിലേക്കും മാറാം. ഒരുപക്ഷെ, തുടക്കക്കാർക്ക് നേരിട്ടു കണ്ട് തിരുത്തുന്നതാവും കൂടുതൽ എളുപ്പം.

പുതിയതായി ചേർത്ത ലേഖന ഭാഗത്തിന് വസ്തുതാപരമായ തെറ്റുകൾ, അക്ഷരത്തെറ്റുകൾ, ഭാഷാ പ്രയോഗത്തിലെ പിശകുകൾ, ലേഖനത്തിന്റെ രൂപഘടന എന്നീ കാര്യങ്ങളിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വിക്കിപീഡിയ സമൂഹം ഇടപെടും. പിശകുകൾ വിക്കിപീഡിയ അംഗങ്ങൾ കണ്ടെത്തി പരിഹരിക്കപ്പെടാം, ചില പ്രവൃത്തികൾ കണ്ടെത്തി തിരുത്താൻ 'ബോട്ട്' എന്ന യാന്ത്രിക സംവിധാനം ഉണ്ട്.

## വിക്കിപീഡിയ സഹോദര സംരംഭങ്ങൾ

വിക്കിമീഡിയ എന്ന മാതൃസംരംഭത്തിന്റെ ഭാഗമാണ് വിക്കിപീഡിയ സ്വതന്ത്ര വിജ്ഞാന കോശം. സ്വതന്ത്ര വിജ്ഞാന വിനിമയത്തെ പ്രോൽസാഹിപ്പിക്കുന്ന അനവധി സംരംഭങ്ങൾ വിക്കിമീഡിയ ഫൗണ്ടേഷന്റേതായിട്ടുണ്ട്. ഓരോ വിക്കിമീഡിയ സംരംഭത്തിനും വിവിധ ഭാഷാ പതിപ്പുകൾ ഉണ്ട്. ഈ സംരംഭങ്ങൾ എല്ലാം തന്നെ വിവരങ്ങൾ കണ്ടെത്താനും പങ്കുവയ്ക്കാനും

സംഭാവന ചെയ്യാനും പൊതുസമൂഹത്തിനെ സഹായിക്കുന്നു.

**വിക്കി ബുക്സ്**

വിക്കിപീഡിയ പോലെ സമൂഹ പങ്കാളിത്തത്തോടെ പുസ്തകങ്ങൾ നിർമിക്കാനുള്ള സംരംഭമാണ് വിക്കി ബുക്സ്. പുതിയ പുസ്തകങ്ങൾ സമൂഹപങ്കാളിത്തത്തോടെ രചിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വെബ് മേൽവിലാസം- https://en.wikibooks.org

വിക്കി ബുക്കിന്റെ മലയാളം പതിപ്പിന്റെ പേര് 'വിക്കിപാഠശാല' എന്നാണ്. വെബ് മേൽവിലാസം- https://ml.wikibooks.org

**വിക്ഷനറി**

ഒരു സ്വതന്ത്ര ബഹുഭാഷാ നിഘണ്ടുവാണ് വിക്ഷനറി. ശബ്ദോൽപത്തി, പര്യായങ്ങൾ, പ്രയോഗങ്ങൾ, ഉച്ചാരണങ്ങൾ, എന്നിവ ഇതിൽ ഉൾപ്പെടുന്നു. വെബ് മേൽവിലാസം- https://en.wiktionary.org

മലയാളം വിക്കി നിഘണ്ടുവിൽ ഒരു ലക്ഷത്തിലധികം നിർവചനങ്ങൾ ചേർത്തിട്ടുണ്ട്. മലയാളം വിക്കിനിഘണ്ടുവിന്റെ വെബ് മേൽവിലാസം- https://ml.wiktionary.org

**വിക്കി ക്വോട്ട്**

പഴഞ്ചൊല്ലുകൾ, ശൈലികൾ, മഹദ് വചനങ്ങൾ, കടങ്കഥകൾ, ശൈലികൾ, നാടൻ പാട്ടുകൾ കൃതികൾ, ഉദ്ധരണികൾ എന്നിവയുടെ ഓൺലൈൻ ശേഖരമാണ് വിക്കി ക്വോട്ട്. വെബ് മേൽവിലാസം- https://www.en.wikiquote.org

മലയാളം ഉദ്ധരണികളുടെ ശേഖരത്തിന്റെ പേര് 'വിക്കിചൊല്ലുകൾ' എന്നാണ്. വെബ് മേൽവിലാസം- https://ml.wikiquote.org

**വിക്കിമീഡിയ കോമൺസ്**

ചിത്രീകരണങ്ങൾ, ഫോട്ടോകൾ, ചിത്രരചനകൾ, വീഡിയോകൾ, സംഗീതം എന്നിവയുടെ ബൃഹത്തായ സ്വതന്ത്ര ശേഖരമാണ് വിക്കിമീഡിയ കോമൺസ്. പൊതുസമൂഹത്തിന് ഇതിലേക്ക് ഫോട്ടോഗ്രാഫുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇവിടെ നിന്നുള്ള ഫോട്ടോകൾ ആണ് വിക്കിപീഡിയ ലേഖനങ്ങൾക്കൊപ്പം ഉപയോഗിക്കുന്നത്. വെബ് മേൽവിലാസം- https://commons.wikimedia.org

**വിക്കി സോഴ്സ്**

ചരിത്രപരമായ രേഖകൾ, സാഹിത്യ കൃതികൾ, സർക്കാർ രേഖകൾ, പല രാജ്യങ്ങളുടെയും ഭരണഘടനകൾ, പൊതുസാഹിത്യം എന്നിവയുടെ ഒരു ശേഖരമാണ് വിക്കിസോഴ്സ്. പകർപ്പവകാശ കാലാവധി കഴിഞ്ഞതോ സ്വതന്ത്ര അനുമതിയുള്ളതോ ആയ പ്രസിദ്ധീകരണങ്ങൾ ആണ് വിക്കി സോഴ്സിൽ ഉള്ളത്. പുസ്തകങ്ങൾ തെറ്റ് തിരുത്തി സംരക്ഷിക്കാൻ എല്ലാവർക്കും പങ്കാളികളാവാം. വിക്കി സോഴ്സിന്റെ വെബ് മേൽവിലാസം- https://en.wikiosurce.org

'വിക്കി ഗ്രന്ഥശാല' എന്നാണ് വിക്കി സോഴ്സിന്റെ മലയാളം പതിപ്പിന്റെ പേര്. അമൂല്യങ്ങളായ ധാരാളം മലയാളം പുസ്തകങ്ങൾ വിക്കി ഗ്രന്ഥശാല ശേഖരത്തിലുണ്ട്. വിക്കി ഗ്രന്ഥശാലയുടെ വെബ് മേൽവിലാസം- https://ml.wikiosurce.org

**വിക്കി വോയേജ്**

ലോകത്തിലെ ഏറ്റവും വലിയതും സമ്പൂർണവും കാലികവുമായ ലോക യാത്രാ സഹായിയാണ് വിക്കി വോയേജ്. വെബ് മേൽവിലാസം- https://en.wikivoyage.org

**വിക്കി ന്യൂസ്**

സ്വതന്ത്ര ന്യൂസ് പോർട്ടൽ ആണ് വിക്കി ന്യൂസ്. വസ്തുതാ പരിശോധനകൾക്ക് വിധേയമായ വാർത്തകൾ ആണ് ഇവിടെ പ്രസിദ്ധീകരിക്കാറുള്ളത്. സിറ്റിസൺ ജേണലിസം പ്രോൽസാഹിപ്പിക്കാനുള്ള ഒരു സംരംഭമാണിത്. വെബ് മേൽവിലാസം- https://en.wikinews.org

**വിക്കി വാഴ്സിറ്റി**

വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള പഠന സാമഗ്രികളുടെ ശേഖരമാണ് വിക്കി വാഴ്സിറ്റി. പഠനത്തെ പ്രോൽസാഹിപ്പിക്കുന്നതിന് ട്യൂട്ടോറിയലുകളും മറ്റ് പഠനസാമഗ്രികളും ഇവിടെ നിന്ന് ലഭിക്കുന്നു. വെബ് മേൽവിലാസം- https://en.wikiversity.org

**വിക്കി സ്പീഷ്യസ്**

എല്ലാ ജീവിവർഗങ്ങളുടെയും ശാസ്ത്രീയമായ വർഗീകരണത്തിനുള്ള സമഗ്രമായ ഒരു ഡാറ്റാബേസ് നിർമിക്കുകയാണ് ലക്ഷ്യം. പൊതുജനങ്ങൾക്ക് പകരം ശാസ്ത്രജ്ഞരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നിർവഹണം നടക്കുന്നത്. വെബ് മേൽവിലാസം- https://species.wikimedia.org

പങ്കാളിത്ത കുറവുമൂലം ചില സംരംഭങ്ങൾക്ക് എല്ലാ ഭാഷാ പതിപ്പുകളും ഉണ്ടാകണമെന്നില്ല. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ ഉപയോഗിച്ച് വിക്കിമീഡിയ സംരംഭങ്ങൾ ഉപയോഗിക്കാം. വിക്കിപീഡിയ മൊബൈൽ ആപ്പ് ഉണ്ട്, ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

## വിക്കിപീഡിയ ഉപയോഗം

ലേഖനങ്ങൾ വായിക്കുന്നതിലുപരി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായും ലോകവ്യാപകമായി വിക്കിപീഡിയ ഉപയോഗിക്കുന്നുണ്ട്. വിക്കി ആധാരമാക്കി കേരളത്തിലെ പൊതുവിദ്യാല യങ്ങളിലെ വിദ്യാർഥികൾക്കായി ഐടി@സ്കൂൾ തയാറാക്കിയതാണ് സ്കൂൾ വിക്കി (https://schoolwiki.in). വിദ്യാർഥികളുടെയും അധ്യാപ കരുടെയും കൂട്ടായ്മയിലൂടെ പഠന വിഭവങ്ങളും ഭാഷാ പരിജ്ഞാനവും വിക്കി ഉപയോഗവും പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള സൃഷ്ടികൾ വികസിപ്പിക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. 'അക്ഷരവൃക്ഷം' എന്ന പേരിൽ വിദ്യാർഥികളുടെ അവധിക്കാല സർഗസൃഷ്ടികൾ തയാറാക്കി സ്കൂൾ വിക്കിയിൽ ചേർക്കാനുള്ള ഒരു സംരംഭം വളരെ ശ്രദ്ധേയമാണ്. ക്ലാസ് മുറിയിൽ വിക്കിപീഡിയ ഉപ യോഗിച്ച് വിദ്യാർഥികൾക്ക് പുതിയ നൈപുണ്യങ്ങൾ കരസ്ഥമാക്കാൻ പറ്റുന്നു. വിക്കിപീഡിയ ഉപയോഗം കൊണ്ട് വിദ്യാർഥികൾക്ക് സ്വാംശീകരിക്കാവുന്ന വിവിധ കഴിവുകൾ താഴെ പറയുന്നു:

* കൂടുതൽ വായിക്കാനുള്ള അവസരം കിട്ടുന്നു.
* വിവരണാത്മക രീതിയിലും സംഗ്രഹിച്ചും എഴുതാനുള്ള കഴിവ് നേടുന്നു.
* പതിവ് ക്ലാസ് റൂം ശൈലി വിട്ട് വിഷയങ്ങളെ നിഷ്പക്ഷമായി അവതരിപ്പിക്കാൻ വിദ്യാർഥികൾക്ക് പഠിക്കാം.
* പക്ഷപാതപരമായ ഉള്ളടക്കം വേഗം തിരിച്ചറിയാൻ സാധിക്കുന്നു. ഒരു ലേഖനം വിശ്വസനീയമാണോ അല്ലയോ എന്ന് വിദ്യാർഥികൾക്ക് തീരുമാനിക്കാൻ സാധിക്കുന്നു.
* വിദ്യാർഥികൾ അവരുടെ വിഷയത്തിന് ഉചിതമായ റഫറൻസുകൾ കണ്ടെത്താനും അവയിൽ നിന്ന് സംഗ്രഹിച്ച് എഴുതാനും പരിശീലിക്കുന്നു.
* വിജ്ഞാനകോശത്തിലേക്കു വേണ്ട ലേഖനങ്ങൾ എഴുതുന്നതിനായി മറ്റുള്ളവരുമായി സഹകരിച്ചു പ്രവർത്തിക്കാൻ ശീലിക്കുന്നു.
* ആധികാരികതയുള്ള വിജ്ഞാന സ്രോതസുകൾ എങ്ങനെ ശരിയായി റഫറൻസ് ചെയ്യാമെന്നും ഉപയോഗിക്കാമെന്നും വിദ്യാർഥികൾ പഠിക്കുന്നു.
* പകർപ്പവകാശത്തെക്കുറിച്ചും പകർപ്പുപേക്ഷ അടിസ്ഥാനമായ സ്വതന്ത്ര അനുമതിപത്രങ്ങളെ ക്കുറിച്ചും മനസിലാക്കാൻ സാധിക്കുന്നു.
* ഓൺലൈൻ വഴി മറ്റുള്ളവരുമായി ചേർന്ന് എങ്ങനെ പ്രവർത്തിക്കണം എന്ന് മനസിലാക്കാൻ സാധിക്കുന്നു. പുതിയ ആഗോള തൊഴിൽ അന്തരീക്ഷത്തിൽ ജോലി ചെയ്യുന്നത് പരിശീലിക്കാൻ ഇത് ഗുണം ചെയ്യും.
* വിക്കി ടെക്സ്റ്റ് എന്ന കമ്പ്യൂട്ടർ പ്രോഗ്രാമിങ് ഭാഷയും കോഡിങ്ങിന്റെ രൂപവും വിക്കി സോഫ്റ്റ്‌വെയർ പരിചയിക്കാനും വിദ്യാർഥിക്ക് അവസരം കിട്ടുന്നു.

പതിവ് രീതിയിലുള്ള ക്ലാസ് റൂം അസൈൻമെന്റിനെക്കാൾ കൂടുതൽ മുഴുകിയിരിക്കാനും രസകരമായി അനുഭവപ്പെടാനും വിക്കിപീഡിയ അടിസ്ഥാനമായുള്ള വിദ്യാർഥി പ്രവർത്തനങ്ങൾക്ക് സാധിക്കും. താഴ്ന്ന തലത്തിലുള്ള സ്കൂൾ ക്ലാസുകൾ മുതൽ സർവകലാശാല തലം വരെ വിക്കിപീഡിയ അടിസ്ഥാനമാക്കിയുള്ള വിദ്യാർഥി പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## വിക്കിപീഡിയ വികസനത്തിൽ ലൈബ്രറികളുടെ പങ്ക്

സമൂഹ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സംരംഭം എന്ന നിലയിൽ കൂട്ടായ പ്രവർത്തനത്തിൽ പങ്കുചേരാൻ വിക്കിപീഡിയ എല്ലാവർക്കും ധാരാളം അവസരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിക്കിപീഡിയയും ലൈബ്രറികളും വിജ്ഞാനത്തിലേക്കുള്ള വാതായനം തുറന്നു കൊടുക്കാൻ യത്നിക്കുന്ന രണ്ടു മഹത്തായ സംരംഭങ്ങളാണ്. ഇവർ രണ്ടും ചേർന്നു പ്രവർത്തിക്കുന്നത് മനുഷ്യ സമൂഹത്തിന് പുതിയ വിവരസ്രോതസുകൾ സംഭാവന ചെയ്യാൻ സഹായിക്കും. ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ലൈബ്രറി അസോസിയേഷൻസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് (International Federation of Library Asosciations and Institutions) എന്ന ആഗോള സംഘടന വിക്കിപീഡിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പബ്ലിക് ലൈബ്രറികൾക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ പ്രതിപാദിക്കുന്നു.

* വിക്കിപീഡിയ ഉള്ളടക്കം സൃഷ്ടിക്കുന്നതിനുള്ള പരിശീലനം പബ്ലിക് ലൈബ്രറികൾക്ക് സംഘടിപ്പിക്കാം. വിക്കിപീഡിയ സമൂഹവുമായി ബന്ധപ്പെട്ടാൽ അതാത് പ്രദേശത്തുള്ള വിക്കിപീഡിയ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവരെ കണ്ടെത്താം. ഓരോ ജില്ലയിലുമുള്ള ഐടി@സ്കൂൾ ഓഫീസുമായി ബന്ധപ്പെട്ടാൽ വിക്കിപീഡിയ പരിശീലകരെ കണ്ടെത്താവുന്നതാണ്. മലയാളം വിക്കിപീഡിയ സംരംഭവുമായി ചേർന്ന് പ്രവർത്തിക്കുന്നവരുടെ ഓൺലൈൻ ഗ്രൂപ്പുകളിൽ നിന്നും പരിശീലകരെ കണ്ടെത്താം. ലൈബ്രറി പ്രവർത്തകർക്ക്

**വിക്കിമീഡിയ സമാഹരിച്ച 2019 ലെ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് രാജ്യം തിരിച്ചുള്ള പട്ടികയിൽ വായനക്കാരുടെ എണ്ണത്തിൽ ഇന്ത്യ സ്ഥിരമായി അഞ്ചാം സ്ഥാനം നിലനിർത്തുന്നു.**

വിക്കിപീഡിയ പരിശീലനം നേടിയ ശേഷം, മറ്റുള്ള വർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പി ക്കാവുന്നതാണ്. അധ്യാപകർ, വിദ്യാർഥികൾ, ഉദ്യോഗസ്ഥർ, വീട്ടമ്മമാർ, മുതിർന്ന പൗരന്മാർ എന്നി വർക്കായി പ്രത്യേകം ബോധവൽകരണ ക്ലാസുകളും പ്രായോഗിക പരിശീലനവും സംഘടിപ്പിക്കാം. കൃത്യമായ ഇടവേളകളിൽ ലൈബ്രറിയുടെ നേതൃത്വ ത്തിൽ പരിശീലനങ്ങൾ മുടങ്ങാതെ സംഘടിപ്പിക്കണം.

* തിരഞ്ഞെടുത്ത വായനക്കാരോട് അവർ വായിച്ച പുസ്തകത്തിന്റെ പ്രത്യേകതകൾ എഴുത്തുകാരനെക്കുറിച്ചുള്ള വിക്കിപീഡിയ ലേഖനത്തിൽ ചേർക്കാൻ നിർദേശിക്കുകയും അത് ചർച്ച ചെയ്യുകയും ചെയ്യാം.

* ഓരോ പ്രദേശത്തുമുള്ള സാഹിത്യകാരന്മാ രെക്കുറിച്ചും, അവരുടെ കൃതികളെക്കുറിച്ചും വിക്കിപീഡിയ ലേഖനങ്ങൾ തയാറാക്കാം. ഇത് സാഹിത്യകാരന്മാരുടെ ശ്രദ്ധയിൽപെടുത്തുകയും അവരെ ലൈബ്രറിയിലേക്ക് ക്ഷണിക്കുകയും ചെയ്യാം. മൺമറഞ്ഞു പോയ സാഹിത്യകാരന്മാരുടെ രചനകൾ കണ്ടെത്തി വിക്കി ഗ്രന്ഥശാലയിൽ ചേർത്ത് പൊതുസമൂഹത്തിന് ലഭ്യമാക്കാം.

* പകർപ്പവകാശം കഴിഞ്ഞ പഴയ പുസ്തകങ്ങളും ചരിത്ര പ്രാധാന്യമുള്ള രേഖകളും ഫോട്ടോഗ്രാഫുകളും ലൈബ്രറിയിൽ നിന്നും നിങ്ങളുടെ പ്രദേശത്തു നിന്നും കണ്ടെത്തി ഡിജിറ്റൽ രൂപത്തിലാക്കി വിവരങ്ങൾ സഹിതം വിക്കിമീഡി യയുടെ വിവിധ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി പൊതുസമൂഹത്തിന് ലഭ്യമാക്കാവു ന്നതാണ്. മലയാള പുസ്തകങ്ങൾ വിക്കി ഗ്രന്ഥശാലയിൽ ചേർക്കാം, ഫോട്ടോഗ്രാഫുകൾ വിക്കിമീഡിയ കോമൺസ് വെബ്സൈറ്റിൽ ചേർക്കാം.

* ലൈബ്രറി ഇരിക്കുന്ന പ്രദേശത്തെ പ്രാധാന്യമുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവയുടെ ഫോട്ടോഗ്രാഫുകൾ എടുത്ത് പ്രദേശത്തിനെക്കുറിച്ചുള്ള വിക്കിപീഡിയ ലേഖനത്തിൽ ചേർക്കാവുന്നതാണ്. ഇതിനായി വിക്കിപീഡിയ പരിശീലനത്തിനായി വരുന്ന വിദ്യാർഥികളുടെ ടീം ഉണ്ടാക്കി അവരെ നിയോഗിക്കാവുന്നതാണ്.

* മലയാളം വിക്കിപീഡിയയിൽ നിലവിലില്ലാത്ത ലേഖനങ്ങളുടെ ഒരു പട്ടിക തയാറാക്കി അത് നിർമിക്കാൻ വിവിധ ഗ്രൂപ്പുകളോട് ആവശ്യപ്പെടാവുന്നതാണ്.

* ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ വിക്കിപീഡിയയിലെ പ്രമുഖ ലേഖനങ്ങൾ മലയാളം വിക്കിപീഡിയയിലേക്ക് പരിഭാഷപ്പെടുത്തി നിർമിക്കാവുന്നതാണ്.

## ഉപസംഹാരം

പബ്ലിക് ലൈബ്രറികൾക്ക് വിക്കിപീഡിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബഹുജന പങ്കാളിത്തത്തോടെ ചുരുങ്ങിയ ചെലവിൽ സാധിക്കും. ലൈബ്രറി ഉപയോക്താക്കൾക്ക് ലഭ്യമാക്കേണ്ട വിവരങ്ങൾ, നാട്ടിലെ വിവിധ പ്രവർത്തനങ്ങൾ, ചരിത്രം, ഭൂപ്രകൃതി, ലൈബ്രറിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ ഗ്രൂപ്പുകൾ എന്നീ കാര്യങ്ങൾ ഉള്ളടക്ക നിർമിതിക്ക് ഉപയോഗിച്ചുകൊണ്ട് വിക്കിപീഡിയ പ്രവർത്തനങ്ങളിൽ പങ്കാളിയാകാം. പൊതു സമൂഹത്തിന്റെ പങ്കാളിത്തത്തെ പൂർണമായും ആശ്രയിച്ചു പ്രവർത്തിക്കുന്ന ഒരു ബൃഹത്തായ സംരംഭം ആണ് വിക്കിപീഡിയ. എല്ലാ വിഭാഗം ആൾക്കാരുടെയും ചെറിയ രീതിയിലുള്ള പരിശ്രമവും ഇടപെടലുകളും പോലും വിക്കിപീഡിയ സംരംഭത്തിന്റെ സമഗ്ര വളർച്ചയെ സ്വാധീനിക്കുന്നു.

**റഫറൻസ്**


Bringing Wikipedia into the Library: Creating a community around open access.

https://americanlibrariesmagazine.org/2018/05/01/bringing-wikipedia-into-the-library

Reaosns to use Wikipedia

https://outreach.wikimedia.org/wiki/Education/Reaosns_to_use_Wikipedia

Empower communities to learn from and share reliable information

https://www.oclc.org/en/member-stories/wikipedia-libraries.html

Opportunities for Public Libraries and Wikipedia

https://www.iḶa.org/Ṟles/assets/hq/topics/info-osciety/iḶawikipediaandpubliclibraries.pdf

Wikipedia + Libraries: Better Together

https://www.webjunction.org/explore-topics/wikipedia-libraries.html


മലയാളം വിക്കി കൂട്ടായ്മ വാട്സ്ആപ്പ് ഗ്രൂപ്പിലേക്ക് പ്രവേശിക്കാൻ ഈ കാണുന്ന ക്യൂആർ കോഡ് മൊബൈലിൽ നിന്നു കൊണ്ട് റീഡ് ചെയ്യുക. ക്യൂആർ കോഡ് റീഡ് ചെയ്യാനുള്ള ആപ്പ് പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്ന താണ്.


**ഡോ.വിമൽ കുമാർ വി.**

ടെക്നിക്കൽ അസിസ്റ്റന്റ്

മഹാത്മാഗാന്ധി സർവകലാശാല ലൈബ്രറി,

കോട്ടയം 686560